കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) റബ്ബറിന്റെ വിലയിടിവ് തടയുന്നതിന് കമ്പോള വിലയേക്കാൾ കിലോക്ക് 50 പൈസ അധികം നൽകിയും, സംഭരണ ഏജൻസികൾക്ക് കൈകാര്യ ചെലവിനത്തിൽ കിലോക്ക് 50 പൈസ നൽകിയും സംഭരിക്കുന്ന റബ്ബർ കയറ്റുമതി ചെയ്യാനും കയറ്റുമതി ചെയ്യുമ്പോഴുണ്ടാകുന്ന നഷ്ടം സർക്കാർ നികത്തിക്കൊടുക്കുവാനും തീരുമാനിച്ചു. എസ്.ടി.സി. സംഭരിക്കുന്ന റബ്ബർ വാങ്ങൽ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇപ്പോൾ കയറ്റുമതി ചെയ്യുന്ന 15000 ടൺ റബ്ബറിനു പുറമേ 25000 മെ.ടൺ ക്രമ്പ് റബ്ബറും 25000 മെ.ടൺ ഷീറ്റു റബ്ബറും കയറ്റുമതി ചെയ്യാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സിന്തറ്റിക് റബ്ബർ ഉൽപ്പാദിപ്പിക്കുവാൻ ആവശ്യമായ പോളി യൂറിത്തേൻ എന്ന രാസവസ്തു ഇറക്കുമതി ചെയ്യുന്നത് നിയന്ത്രിക്കണമെന്നും, റബ്ബറിന്റെ ബഞ്ചുമാർക്ക് വില ഉയർത്തണമെന്നും എസ്.ടി.സി. മുഖേന റബ്ബർ കയറ്റി അയയ്ക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നാളികേരത്തിന്റെ വിലയിടിവു തടയുന്നതിന് 2000- വിളവെടുപ്പുകാലത്ത് കിന്റലിന് 3250 രൂപ താങ്ങുവിലയ്ക്ക് 80,000 ടൺ കൊപ്ര സംഭരിക്കുകയും. 2001 വിളവെടുപ്പുകാലത്തേക്ക് മില്ലിംഗ് കൊപ്രയ്ക്ക് കിന്റലിന് 4600 രൂപ താങ്ങുവില പ്രഖ്യാപിക്കണമെന്നും പാമോലിൻ ഇറക്കുമതി നിരോധിക്കുന്നതിന് ഇറക്കുമതി ചുങ്കം 300 ശതമാനം ആക്കുവാനും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) കേരളത്തിലെ കാർഷിക വിളകൾക്ക് സാരമായ വിലയിടിവ് നേരിട്ടിട്ടുണ്ട്.

(ഡി) അനുബന്ധമായി വച്ചിട്ടുണ്ട്. †

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) കേന്ദ്ര സർക്കാരിൽ നിന്നും വിവരങ്ങൾ ഒന്നും ലഭിച്ചിട്ടില്ല.

(ജി) കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതായി അറിവില്ല.

പെർഫോമൻസ് ഓഡിറ്റ്

13 (*73) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണവകുപ്പിൽ പെർഫോമൻസ് ഓഡിറ്റ് നിലവിൽ വന്നോ ; എങ്കിൽ എപ്പോൾ ;

(ബി) ഈ ആവശ്യാർത്ഥം എത്ര ജീവനക്കാരുടെ സേവനം വിട്ട് കൊടുത്തിട്ടുണ്ട് എന്നും അവരെ ഏതെല്ലാം ആഫീസുകളിൽ നിന്നും വിട്ടു കൊടുത്തു എന്നും വ്യക്തമാക്കാമോ ;

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തിലെ അടിസ്ഥാന ജോലികൾ ചെയ്യുന്നത് ഏത് ഡിപ്പാർട്ടുമെന്റിലെ ജീവനക്കാരാണ് ;

(ഡി) ബ്ലോക്ക് പഞ്ചായത്തിന് പ്രത്യേക സ്റ്റാഫ് നിലവിലുണ്ടോ ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(എഫ്) ബ്ലോക്ക് പഞ്ചായത്തിന്റെ സ്റ്റാഫിനെ പെർഫോമൻസ് ഓഡിറ്റിനു വേണ്ടി വിന്യസിച്ചതിന്റെ ഫലമായി ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനത്തിന്റെ തടസ്സം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) 11-7-1997 ലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.)172/97/തദ്ദവ അനുസരിച്ച് പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിലവിൽ വന്നു. സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ നിയമനശേഷം 30-11-2000ലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 333/2000/ത.സ്വ.ഭ. വകുപ്പുപ്രകാരം പെർഫോമൻസ് ഓഡിറ്റ് സംവിധാനം സമൂലമായി പുന:സംഘടിപ്പിക്കുകയുണ്ടായി.

(ബി) ഗ്രാമപഞ്ചായത്തകളിലെ പെർഫോമൻസ് ആഡിറ്റ് നടത്തുന്നതിലേക്ക് പഞ്ചായത്ത് വകുപ്പിൽനിന്നും 655 ജീവനക്കാരുടെ സേവനം വിട്ട് കൊടുത്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1.	അസിസ്റ്റന്റ് ഡയറക്ടർ	14
2.	സീനിയർ സൂപ്രണ്ട്	66
3.	ജൂനിയർ സൂപ്രണ്ട്	164
4.	ക്ളാർക്ക്	217
5.	ടൈപ്പിസ്റ്റ്	16
6.	ശിപായി	178
	ആകെ	655

ബ്ലോക്ക് പഞ്ചായത്തുകളുടെ പെർഫോമൻസ് ഓഡിറ്റിനായി 73 ജീവനക്കാരുടെ സേവനം വിട്ടുകൊടുത്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ഗ്രാമവികസന വകുപ്പ്)	14	
സെക്ഷൻ ആഫീസർ	23	(9 അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ് 14 ധനകാര്യ സെക്രട്ടേറിയറ്റ്)
അസിസ്റ്റന്റുമാർ	36	(18 അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്, 18 ധനകാര്യ സെക്രട്ടേറിയറ്റ്)
ആകെ	73	

LIBRARY ARCHIVES Kerala Legislative Assembly

മുനിസിപ്പാലിറ്റികളുടെ പെർമോഫൻസ് ആഡിറ്റിനായി മുനിസിപ്പൽ ഭരണ വകുപ്പിൽ നിന്നും 21 ജീവനക്കാരുടെ സേവനം വിട്ടുകൊടുത്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

റീജിയണൽ ജോയിന്റ് ഡയറക്ടർ	3
സീനിയർ സൂപ്രണ്ട്	3
ജൂനിയർ സൂപ്രണ്ട്	3
ക്ലാർക്കുമാർ	12
	21

ജില്ലാ പഞ്ചായത്തുകളുടേയും കോർപ്പറേഷനുകളുടെയും പെർഫോമൻസ് ആഡിറ്റിനായി അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ നിന്നും 18 ഉദ്യോഗസ്ഥരുടെ സേവനം വിട്ടുകൊടുത്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി	3
സെക്ഷൻ ആഫീസർ	3
അസിസ്റ്റന്റുമാർ	12
	18

(സി) ബ്ലോക്ക് പഞ്ചായത്തിലെ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട അടിസ്ഥാന ജോലികൾ പഞ്ചായത്ത് വകുപ്പിൽ നിന്നും താൽക്കാലികമായി നിയമിക്കപ്പെട്ട 152 ജൂനിയർ സൂപ്രണ്ടുമാർ 152 ക്ലാർക്കുമാർ 152 ശിപായിമാർ എന്നിവരാണ് 31-12-2000 വരെ ചെയ്തുവന്നത്. ഗ്രാമ പഞ്ചായത്തിലെ പെർഫോമൻസ് ആഡിറ്റ് ശക്തിപ്പെടുത്തുന്നതിനായി 30/11/2000 ലെ സ.ഉ.നമ്പർ 333/2000 ത.സ്വ ഭ.വ. അനുസരിച്ച് ഇവരെ പിൻവലിക്കുകയും 1-1-2001 മുതൽ ഇവർ നിർവഹിച്ചിരുന്ന ജോലി ഗ്രാമവികസന വകുപ്പിലെ ജീവനക്കാർക്ക് കൈമാറുകയും ചെയ്തു.

(ഡി) ബ്ലോക്ക് പഞ്ചായത്തിന് മാത്രമായി പ്രത്യേക സ്റ്റാഫ് നിലവിലില്ല.

(ഇ) നിലവിലുള്ള ഗ്രാമവികസന വകുപ്പ് ജീവനക്കാരെക്കൊണ്ടുതന്നെ ബ്ലോക്ക് പഞ്ചായത്തിലെ ജോലി നിർവ്വഹിക്കാവുന്നതാണ്.

(എഫ്) തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഗ്രാമവികസന രംഗത്തുള്ള പദ്ധതികൾ

14 (*74) ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഗ്രാമവികസന പ്രവർത്തന രംഗത്ത് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly